മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 2

## വാർത്താക്കുറിപ്പ്

---

## മഹാത്മാഗാന്ധി സർവകലാശാല റിസർച്ച് ഇൻക്യൂബേഷൻ പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് മഹാത്മാഗാന്ധി സർവകലാശാല കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് നടപ്പിലാക്കുന്ന 'റിസർച്ച് ഇൻകുബേഷൻ പ്രോഗ്രാമിലേക്ക്' അപേക്ഷ ക്ഷണിച്ചു. ഗവേഷണ കണ്ടെത്തലുകളെ സാമൂഹിക നന്മയ്ക്കു ഉതകുന്ന രീതിയിൽ വാണിജ്യപരമായ ഉൽപ്പന്നങ്ങൾ/ സാങ്കേതികവിദ്യ/ സേവനങ്ങളാക്കി മാറ്റിയെടുക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലുടനീളമുള്ള കോളേജ്/യൂണിവേഴ്സിറ്റി അധ്യാപകർ/ ശാസ്ത്രജ്ഞർ/ പോസ്റ്റ് ഡോക്ടറൽ ഫെലോകൾ/ ഗവേഷക വിദ്യാർഥികൾ/ ബിരുദാനന്തര ബിരുദർ (അവസാന വർഷ പ്രൊജക്റ്റ് പൂർത്തീകരിച്ചവർ), പൂർവ്വവിദ്യാർത്ഥികൾ എന്നിവരെ സംരംഭകർ ആയി മാറ്റുക വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക സാമ്പത്തിക വളർച്ച കൈവരിക്കുക മുതലായവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വരും വർഷങ്ങളിൽ കേരളത്തിനെ ലോക സ്റ്റാർട്ടപ്പ് ശൃംഖലയുടെ കേന്ദ്ര ബിന്ദു ആക്കി മാറ്റുന്നതിനുള്ള തുടക്കമാണ് ഈ പ്രോജക്ടിലൂടെ ഉദ്ദേശിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട 20 അപേക്ഷകർക്ക് 5 ലക്ഷം രൂപ വരെ സ്റ്റാർട്ടപ്പ് ഗ്രാന്റ് ലഭിക്കും. ലൈഫ് സയൻസ്/ ബയോടെക്നോളജി, ഹെൽത്ത്കെയർ, മെഡിക്കൽ ഡിവൈസ് ടെക്നോളജി, ജലസംരക്ഷണം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാനം, നാനോ ടെക്നോളജി, ഭക്ഷ്യ-കൃഷി, ഫിഷറീസ്, അസിസ്റ്റീവ് ടെക്നോളജി, ഊർജം, മൂല്യവർധനം, മാലിന്യ സംസ്കരണം, ബിസിനസ്സ്, ടൂറിസം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, മെഷീൻ ലേണിംഗ്, എഞ്ചിനീയറിംഗ്, സാമൂഹികം, റൂറൽ ടെക്നോളജി, എന്നീ മേഖലകളിൽ നിന്നും വാണിജ്യവത്ക്കരിക്കാവുന്ന തലത്തിലുള്ള കണ്ടെത്തലുകൾക്കാണ് ഈ പദ്ധതി ഊന്നൽ നൽകുന്നത്. https://forms.gle/5pfNpc8c7ZnsBAaG7 എന്ന ലിങ്ക് വഴി സെപ്റ്റംബർ 30 വരെ പ്രോഗ്രാമിലേക്ക് രജിസ്റ്റർ ചെയ്യാം. വിശദവിവരങ്ങൾക്ക് 9400039634 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ സർവ്വകലാശാല വെബ്സൈറ്റായ https://www.mgu.ac.in/ സന്ദർശിക്കുകയോ ചെയ്യാം.

(പി.ആർ.ഒ./39/1275/2022)

## ഫിലിം മെയ്ക്കിംഗ് കോഴ്സിലേക്ക് സെപ്റ്റംബർ 18 വരെ അപേക്ഷിക്കാം

സർവ്വകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സിൽ ആരംഭിക്കുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഫിലിം മെയ്ക്കിംഗ് പ്രോഗ്രാമിലേക്ക് അപേക്ഷിക്കാനുള്ള അവസരം സെപ്റ്റംബർ 18 വരെ നീട്ടി.

(പി.ആർ.ഒ./39/1276/2022)

## പ്രോജക്ട് ഇവാല്യുവേഷൻ / വൈവാ വോസി

പത്താം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ - റഗുലർ) / ഡി.ഡി.എം.സി.എ. (2016, 2015, 2014 അഡ്മിഷൻ - സപ്ലിമെന്ററി) കോഴ്സിന്റെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവാ വോസി പരീക്ഷകൾക്ക് പിഴയില്ലാതെ സെപ്റ്റംബർ 14 വരെയും പിഴയോടു കൂടി സെപ്റ്റംബർ 15 നും സൂപ്പർഫൈനോടു കൂടി സെപ്റ്റംബർ 16 നും അപേക്ഷിക്കാം.

(പി.ആർ.ഒ./39/1277/2022)

## പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം സെമസ്റ്റർ എം.എ.ജെ.എം.സി. (സി.എസ്.എസ്.) (2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / 2020, 2019 അഡ്മിഷൻ - സപ്ലിമെന്ററി) ജൂലൈ 2022 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 12 മുതൽ 26 വരെ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1278/2022)

ഒന്നാം സെമസ്റ്റർ ബി.സി.എ. / ബി.എസ്.സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ്. - 2021 അഡ്മിഷൻ - റഗുലർ / 2020 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/ റീ-അപ്പിയറൻസ് / 2017, 2018, 2019 അഡ്മിഷൻ - റീ-അപ്പിയറൻസ്) ജൂൺ 2022 പരീക്ഷയുടെ സോഫ്റ്റ്വെയർ ലാബ് I എന്ന പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ 14, 15 തീയതികളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1279/2022)

## പരീക്ഷാ ഫലം

2022 മെയ് മാസത്തിൽ നടന്ന നാലാം സെമസ്റ്റർ ബി.പി.എഡ്. (2020 അഡ്മിഷൻ - റഗുലർ / 2018-2019 അഡ്മിഷൻ - സപ്ലിമെന്ററി / 2015-2017 അഡ്മിഷൻ - മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1280/2022)

2022 മെയ് മാസത്തിൽ ന്ടന്ന നാലാം സെമസ്റ്റർ എം.എസ്.സി. ബയോ മെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2019 അഡ്മിഷൻ - റഗുലർ / 2018, 2017, 2016 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള

അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം സെപ്റ്റംബർ 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/12 81/2022)

**അനിൽകുമാർ ജി.**
**പബ്ലിക് റിലേഷൻസ് ഓഫീസർ (i/c)**